കേരള സാഹിത്യ അക്കാദമി
തൃശൂർ

# അന്ധവിശ്വാസങ്ങളുടെ ശാസ്ത്രവൽക്കരണം വലിയ വെല്ലുവിളി

## സുനിൽ പി.ഇളയിടം

തൃശൂർ : അന്ധവിശ്വാസങ്ങളുടെ ശാസ്ത്രവൽകരണമാണ് കേരളം നേരിടുന്ന വലിയൊരു വെല്ലുവിളിയെന്ന് സുനിൽ പി.ഇളയിടം പറഞ്ഞു. ആൾദൈവങ്ങളാണ് നാട്ടിലെങ്ങും വലിയ ശാസ്ത്രസാങ്കേതികസ്ഥാപനങ്ങളുടെ ഉടമകൾ. ശാസ്ത്രത്തെ വെറും സാങ്കേതികവിദ്യയായി തെറ്റിദ്ധരിച്ച സമൂഹമായി മലയാളികൾ മാറിയെന്നും അദ്ദേഹം പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് 'നവോത്ഥാനം യുക്തിചിന്ത ശാസ്ത്രബോധം' എന്ന വിഷയത്തിലുള്ള സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ജാതിവിമർശനവും സ്ത്രീജീവിതങ്ങളുടെ സംരക്ഷണവും പാരിസ്ഥിതിക അവബോധവും മധ്യവർഗകുടുംബങ്ങളുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള അതിനിശിതമായ വിമർശനവുമാണ് അജ്ഞതയിലാണ്ട കേരളസമൂഹം ആവശ്യപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞു.

സാഹിത്യ അക്കാദമിയംഗം കെ.പി.ശങ്കരൻ അധ്യക്ഷനായി. നവോത്ഥാനത്തിന്റെ അടിത്തറ മനുഷ്യസമത്വമാണ്. പ്രത്യാശയെ പുനരുജ്ജീവിപ്പിക്കുകയാണ് നവോത്ഥാനം ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. ജീവൻ ജോബ് തോമസ് സംസാരിച്ചു. പ്രൊഫ.എം.ഹരിദാസ് സ്വാഗതവും ഈ.ഡി.ഡേവീസ് നന്ദിയും പറഞ്ഞു. തുടർന്ന് അഞ്ച് പ്രശസ്ത കവിതകളുടെ നൃത്തദൃശ്യാവിഷ്കാരം 'പഞ്ചകാവ്യം' രേഷ്മ യു.രാജ്, അപർണ മുരളീധരൻ, ഐശ്വര്യ എന്നിവർ അവതരിപ്പിച്ചു.

### പുസ്തകപ്രകാശനം

കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തിന്റെ ഭാഗമായി പ്രകാശൻ ചുനങ്ങാടിന്റെ നോവൽ വിഷുക്കൈനീട്ടം പ്രൊഫ.എം.ആർ.ചന്ദ്രശേഖരൻ പ്രകാശനം ചെയ്തു. ജയനാരായണൻ പുസ്തകം സ്വീകരിച്ചു. എൻ.ബാലകൃഷ്ണൻ അധ്യക്ഷനായി. പി.കെ.ശ്രീകുമാർ, എം.ജി.ശ്രീകുമാർ, സി.കൃഷ്ണകുമാർ, പ്രകാശൻ ചുനങ്ങാട് എന്നിവർ സംസാരിച്ചു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
02.04.2017